# മോഡൽ പരീക്ഷ

## ഗണിതം

**ക്ലാസ് : 5** **സമയം : 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന **ഏഴ്** മൂല്യനിർണയ പ്രവർത്തനങ്ങളിൽ ഏതെങ്കിലും **അഞ്ച്** പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 – ഗുണിതങ്ങളും ഘടകങ്ങളും**

എ. 9 ന്റെ 5 ഗുണിതങ്ങൾ എഴുതുക.


ബി. 5 ന്റെ 5 ഗുണിതങ്ങൾ എഴുതുക.

സി. 9, 15 ഇവയുടെ ചെറുപൊതുഗുണിതം എത്ര?

ഡി. 9,15 ഇവയുടെ വൻപൊതുഘടകം എത്ര?

**പ്രവർത്തനം 2 – നടപ്പാത**

ചിത്രം നോക്കൂ. സ്കൂളിലെ പൂന്തോട്ടത്തിന് ചുറ്റും 2 മീറ്റർ വീതിയിൽ നടപ്പാതയുണ്ട്.




എ. പൂന്തോട്ടത്തിന്റെ മാത്രം പരപ്പളവ് എത്ര?

ബി. നടപ്പാതയുടെ മാത്രം പരപ്പളവ് എത്ര?

സി. പൂന്തോട്ടത്തിന്റെ ചുറ്റളവ് എത്ര?

**പ്രവർത്തനം 3 – വിലവിവരപ്പട്ടിക**

വിനു തന്റെ കടയിലേക്ക് വാങ്ങിയ ചില സാധനങ്ങളുടെ വിലവിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| സാധനങ്ങൾ | എണ്ണം | നിരക്ക് (രൂപ) | വില (രൂപ) |
|---|---|---|---|
| നോട്ട്ബുക്ക് | 500 | 25 | 12500 |
| പേന | 300 | 8 | 2400 |
| പെൻസിൽ | 275 | 3 | 825 |
| ഫയൽ | 150 | 20 | ......... |

എ) ഫയൽ വാങ്ങുന്നതിന് ആകെ എത്ര രൂപയായി?

ബി) എല്ലാ സാധനങ്ങളുടെയും കൂടി ആകെ വിലയെന്ത്?

സി) വിനു 20000 രൂപ കടക്കാരന് കൊടുത്തു. ബാക്കി കിട്ടിയ തുകയ്ക്ക് 5 രൂപ വീതം വിലവരുന്ന നെയിം സ്ലിപ്പുകൾ വാങ്ങി. എത്ര നെയിംസ്ലിപ്പുകൾ കിട്ടും?


**പ്രവർത്തനം 4 – വൃത്തങ്ങൾ**

a) ഇഷ്ടമുള്ള ആരമെടുത്ത് ഒരു വൃത്തം വരയ്ക്കുക.

b) ഇതിൽ ആരം അടയാളപ്പെടുത്തുക.

**പ്രവർത്തനം 5 – ശതമാനം**

2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ജനങ്ങളിൽ വിവിധ വിദ്യാഭ്യാസതലത്തിലുള്ളവ രുടെ ശതമാനം കാണിക്കുന്ന ബാർ ഗ്രാഫാണ് ചുവടെ കൊടുത്തിരിക്കുന്നത്.
(ഓരോ ബാറും ശതമാനക്കണക്കിലാണ് സൂചിപ്പിക്കുന്നത്.)




- എത്ര ശതമാനം പേരാണ് ഹയർ സെക്കന്ററിക്ക് ശേഷം തുടർന്ന് പഠിച്ചത്?
- ഹയർ സെക്കന്ററി വരെ മാത്രം പഠിച്ചവർ എത്ര ശതമാനം?
- അപ്പർ പ്രൈമറി തലം വരെ മാത്രം പഠിച്ചവർ എത്ര ശതമാനമാണ് ?

**പ്രവർത്തനം 6 – കായികമേള**

ഉപജില്ലാ കായികമേളയിൽ 5 സ്കൂളുകൾക്ക് ലഭിച്ച പോയിന്റുകൾ ചിത്രരൂപത്തിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| സ്കൂൾ | പോയിന്റ് | ആകെ |
|---|---|---|
| A | ○○○□□△△ | 46 |
| B | ○○○○□△ | 48 |
| C | ○○○○○△△ | .......... |
| D | ○○○□□□□ | .......... |
| E | ○○○□□□△ | .......... |

○ - 10 പോയിന്റ് □ - 5 പോയിന്റ് △ - 3 പോയിന്റ്


എ) C, D, E എന്നീ സ്കൂളുകൾക്ക് കിട്ടിയ പോയിന്റുകൾ എഴുതുക.

ബി) ഏറ്റവും കൂടുതൽ പോയിന്റ് കിട്ടിയ സ്കൂൾ എത്?

സി) തുല്യപോയിന്റ്റ് കിട്ടിയ സ്കൂളുകൾ ഏതെല്ലാം?

**പ്രവർത്തനം 7 – ഭിന്നസംഖ്യകൾ**

എ) ഒരേ വലിപ്പമുള്ള നാല് വൃത്തങ്ങൾ താഴെ തന്നിരി ക്കുന്നു. ഓരോന്നും ചിത്രത്തിൽ കാണിച്ചിരി ക്കുന്ന വിധം തുല്യഭാഗങ്ങളായി ഭാഗിച്ച് അതിൽ ചില ഭാഗങ്ങൾ ഷെയ്ഡ് ചെയ്തിരിക്കുന്നു. ഓരോന്നിലും ഷെയ്ഡ് ചെയ്ത ഭാഗത്തിന്റെ ഭിന്നസംഖ്യാരൂപം എഴുതുക.




ബി) ചിത്രം 2, ചിത്രം 4 ഇവയിലെ ഷെയ്ഡ് ചെയ്ത ഭാഗങ്ങളുടെ തുക കാണുക.

സി) ചിത്രം 1, ചിത്രം 3 ഇവയിലെ ഷെയ്ഡ് ചെയ്ത ഭാഗങ്ങളുടെ തുക കാണുക.

ഡി) ചിത്രം 4, ചിത്രം 3 ഇവയിലെ ഷെയ്ഡ് ചെയ്ത ഭാഗങ്ങളുടെ വ്യത്യാസം കാണുക.